File No.REV-DRF-A1/419/2020-REV

18444
30/12/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - 2018 , 2019 കാലയളവിലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി വിഭാവനം ചെയ്ത മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ( Chief Minister 's Local Roads Rebuild Project ) എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 0 കോടി രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

G.O.(Rt)No.3876/2020/RD തീയതി,തിരുവനന്തപുരം, 21/12/2020

---

പരാമർശം:- 1 09.01.2020ലെ സ.ഉ (കൈ) നം.13/2020/ ത.സ്വ.ഭ.വ

2 04.05.2020 ലെ സ.ഉ (സാധാ) നം.1683/2020/ റവ

3 30.09 .2020 ലെ സ.ഉ ( സാധാ) നം. 2983/2020/റവ

4 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയരുടെ 19.11.2020 ലെ

ഇ7/5555/2020/സിഇ/തസ്വ ഭ വ നമ്പർ കത്ത്.

<u>ഉത്തരവ്</u>

2018,2019 കാലയളവിലെ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്താത്തതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ( Chief Minister 's Local Roads Rebuild Project ) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 961.264 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് പരാമർശം ( 1 ) പ്രകാരം ഉത്തരവാകുകയും തുടർന്ന് പൂർത്തീകരിച്ച പ്രവൃത്തികളുടെ പ്രപ്പോസലുകൾ തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഘട്ടം ഘട്ടം ആയി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അപ്രകാരം തുക അനുവദിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കൊണ്ട് പരാമർ ശം (2) പ്രകാരം ഉത്തരവാകുകയുണ്ടായി. പരാമർശം (2)ലെ സർക്കാർ ഉത്തരവിൽ ചില ഭേദഗതികൾ വരുത്തി പരാമർ ശം (3 ) പ്രകാരവും ഉത്തരവായിട്ടുണ്ട് .ടി 961.264 കോടി രൂപ അനുവദിച്ചെങ്കിലും വിതരണം ചെയ്തിട്ടില്ലാത്തതാണ്.

2. CMLRRP പദ്ധതിയ്ക്കു കീഴിൽ നിർമ്മാണം പൂർത്തീകരിച്ച 191 പ്രവൃത്തികൾക്കായി ആകെ 26 കോടി രൂപയും കൂടാതെ പൂർത്തീകരണ ഘട്ടത്തിലെത്തി നിൽക്കുന്ന പ്രവൃത്തികളുടെ അന്തിമ ബിൽ തുക നൽകുന്നതിലേക്കായി 24 കോടി രൂപയും ഉൾപ്പെടെ ആകെ 50 കോടി രൂപ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള ചീഫ് എൻജിനീയറുടെ STSB (A/C no: 799011400006726) അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനീയർ പരാമർശം (4) പ്രകാരം സർക്കാരിൽ പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3.മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (1) & (2) സർക്കാർ

ഉത്തരവുകൾ പ്രകാരം റോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ( Chief Minister 's Local Roads Rebuild Project ) നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ അനുവദിച്ച 961.264 കോടി രൂപയിൽ നിന്നും പരാമർ ശം (4 ) ലെ പ്രപ്പോസൽ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള 50 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. .

4..വിതരണത്തിനാവശ്യമായി വരുന്ന 50,00,00,000 ( അൻപത് കോടി രൂപ മാത്രം ) രൂപ 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള ചീഫ് എൻജിനീയറുടെ STSB (A/C no: 799011400006726) അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR. A JAYATHILAK IAS
PRINCIPAL SECRETARY

ചീഫ് എഞ്ചിനീയർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ , ട്രഷറി വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ്,മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറി സ്പെഷ്യൽ സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

തദ്ദേശ സ്വയംഭരണ (EWB) വകുപ്പ്

റവന്യൂ (ഡിആർഎഫ്-ബി/ സി വകുപ്പ്)

വെബ് & ന്യൂ മീഡിയ) വകുപ്പ്/കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ